(ഇ) കുറ്റക്കാരെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ) മഞ്ചേരി ടൗണിലുള്ള കുരിക്കൾ കയർഹൗസ് എന്ന കടയിൽ നിന്നും പൈപ്പ് ബോംബെന്നു തോന്നിക്കുന്ന വസ്തു കണ്ടെത്തിയിട്ടുണ്ട്.

(ബി) കിട്ടിയിട്ടുണ്ട്.

(സി) കേസ് അന്വേഷണാവസ്ഥയിലാണ്.

(ഡി) വിദഗ്ദ്ധപരിശോധനയ്ക്ക് അയച്ചിട്ടുണ്ട്.

(ഇ) ഒന്നാം പ്രതി ഷെരീഫിനെ അറസ്റ്റു ചെയ്തിട്ടുണ്ട്. പ്രതി ഇപ്പോൾ റിമാൻഡിലാണ്. മറ്റു പ്രതികൾ ഒളിവിലായതിനാൽ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല.

രാഷ്ട്രീയ സംഘട്ടനങ്ങൾ

111 (112) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1991-96-ലെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ സംസ്ഥാനത്ത് എത്ര രാഷ്ട്രീയ സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ട് ; എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ ഉണ്ടായിട്ടുണ്ട് ; അതിൽ സി.പി.എം., കോൺഗ്രസ്, മുസ്ലീംലീഗ്, ആർ.എസ്.എസ്./ബി.ജെ.പി.,മറ്റുള്ളവർ എത്ര വീതം കൊല ചെയ്യപ്പെട്ടിട്ടുണ്ട് ;

(ബി) എത്ര ലോക്കപ്പ് മരണങ്ങൾ ഉണ്ടായിട്ടുണ്ട് ;

(സി) എത്ര വർഗ്ഗീയ സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ട് ; വർഗ്ഗീയ സംഘട്ടനങ്ങളിൽ എത്ര പേർ മരിച്ചിട്ടുണ്ട് ;

(ഡി) എത്ര പോലീസ് വെടിവയ്പുകൾ, എത്ര മോഷണങ്ങൾ, പിടിച്ചുപറികൾ, കൊള്ളകൾ, ബാങ്ക് കവർച്ചകൾ, ബലാൽസംഗങ്ങൾ, സ്ത്രീപീഡനങ്ങൾ, തട്ടിക്കൊണ്ടുപോകൽ എന്നിവ ഉണ്ടായെന്ന് കാണിക്കുന്ന സ്റ്റേറ്റുമെന്റുകൾ ലഭ്യമാക്കാമോ ;

(ഇ) ഈ ഗവൺമെന്റിന്റെ ഭരണ കാലയളവിൽ മേൽപ്പറഞ്ഞ കാര്യങ്ങൾ എത്ര വീതം ഉണ്ടായെന്ന് സ്റ്റേറ്റ്മെന്റ് നൽകാമോ ?

ഉത്തരം

(എ) 4690 രാഷ്ട്രീയ സംഘട്ടനങ്ങളും, 78 രാഷ്ട്രീയ കൊലപാതകങ്ങളും ഉണ്ടായിട്ടുണ്ട്. ഓരോ പാർട്ടിയിലും കൊലചെയ്യപ്പെട്ടവരുടെ എണ്ണം താഴെ കൊടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സി.പി.എം.	27
കോൺഗ്രസ്(ഐ)	27
ഐ.യു.എം.എൽ.	ഇല്ല
ആർ.എസ്.എസ്./ബി.ജെ.പി.	16
മറ്റുള്ളവർ	8

(ബി) 4 ലോക്കപ്പ് മരണങ്ങൾ ഉണ്ടായിട്ടുണ്ട്.

(സി) 1207 വർഗ്ഗീയ സംഘട്ടനങ്ങൾ ഉണ്ടാകുകയും ഇതിൽ 40 പേർ മരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി)	പോലീസ് വെടിവയ്പുകൾ	114
	മോഷണങ്ങൾ	17154
	പിടിച്ചുപറികൾ	1094
	കൊള്ളകൾ	480
	ബാങ്ക് കവർച്ചകൾ	24
	ബലാൽസംഗങ്ങൾ	1125
	സ്ത്രീപീഡനങ്ങൾ	12316
	തട്ടിക്കൊണ്ടുപോകൽ	812
(ഇ)	രാഷ്ട്രീയ സംഘട്ടനങ്ങൾ	5242
	രാഷ്ട്രീയ കൊലപാതകങ്ങൾ	67
	കൊലചെയ്യപ്പെട്ടവർ-സി.പി.എം.	27
	കൊലചെയ്യപ്പെട്ടവർ-കോൺഗ്രസ്	6
	കൊലചെയ്യപ്പെട്ടവർ-ബി.ജെ.പി./ആർ.എസ്.എസ്.	31
	കൊലചെയ്യപ്പെട്ടവർ-ഐ.യു.എം.എൽ.	2
	കൊലചെയ്യപ്പെട്ട-മറ്റുള്ളവർ	1
	ലോക്കപ്പ് മരണം	ഇല്ല.
	വർഗ്ഗീയ സംഘട്ടനങ്ങൾ	29
	വർഗ്ഗീയ ലഹളകൾ	ഇല്ല.
	വർഗ്ഗീയ ലഹളകളിലെ മരണം	ഇല്ല.
	പോലീസ് വെടിവയ്പ്	42
	മോഷണങ്ങൾ	24477 (31-1-2001 വരെ)
	പിടിച്ചുപറിക്കേസുകൾ	1331
	കൊള്ളകൾ(18-12-2000 വരെ)	749
	ബാങ്ക് കവർച്ചകൾ	7
	ബലാൽസംഗങ്ങൾ	2396
	സ്ത്രീപീഡനങ്ങൾ(31-1-2001 വരെ)	23215
	തട്ടിക്കൊണ്ടുപോകൽ	826

LIBRARY ARCHIVES Kerala Legislative Assembly